# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3564 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളക്കരാർ

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള കരാറിന്റെ കാലാവധി അവസാനിച്ചത് എന്നാണ്; ഇത് പുതുക്കി നൽകുന്നതിന് ഉദ്ദേശമുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന വേതന കരാറിന്റെ കാലാവധി അവസാനിച്ചത് 29/2/2016 ലാണ്. സേവന വേതന കരാർ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സേവന വേതന കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ അവകാശ പത്രിക സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി 04/2/2016, 25/6/2018, 30/1/2019 എന്നീ തീയതികളിൽ ചർച്ചാ യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ മാനേജ്മെന്റ്തല സമിതി രൂപീകരിക്കുകയും 23/3/2019 ന് മാനേജ്മെന്റ് നിർദ്ദേശങ്ങളടങ്ങിയ കുറിപ്പ് അംഗീകൃത തൊഴിലാളി സംഘടനകൾക്ക് നൽകുകയും സംഘടനകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തിട്ടുണ്ട് |
| (ബി) | ശമ്പളക്കരാർ നടപ്പാക്കുന്നതിനായി തൊഴിലാളി സംഘടനകൾ എത്ര തവണ ആവശ്യ | (ബി) | സേവന വേതന കരാർ പുതുക്കുന്നതിന് മാത്രമായി തൊഴിലാളി സംഘടനകൾ 5 തവണ ആവശ്യമുന്നയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മുന്നയിച്ചിട്ടുണ്ട്; എങ്കിൽ ഏതൊക്കെ സംഘടനകൾ; എത്ര തവണ വീതം; തീയതി സഹിതം അറിയിക്കുമോ; | | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡ്രൈവേഴ്സ് യൂണിയൻ 15/7/2015 തീയതിയിലും, ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ 12/1/2016, 10/6/2019 തീയതികളിലും, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷൻ 16/9/2015, 23/1/2016 തീയതികളിലും സേവന വേതന കരാർ പുതുക്കുന്നതിന് ആവശ്യമുന്നയിച്ചിട്ടുണ്ട്.<br>കൂടാതെ മറ്റ് ആവശ്യങ്ങൾക്കൊപ്പം ശമ്പള പരിഷ്കരണം നടത്തണമെന്ന് അംഗീകൃത, രജിസ്റ്റേഡ് തൊഴിലാളി സംഘടനകൾ നിരവധി തവണ ആവശ്യമുന്നയിച്ചിട്ടുണ്ട് |
| (സി) | ടി ശമ്പളക്കരാർ പുതുക്കുന്ന വേളയിൽ, മറ്റ് പൊതുമേഖല / വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവിടെ മുൻകാലങ്ങളിൽ സ്വീകരിച്ച് വന്നിരുന്ന കാഠിന്യമുള്ള ലൈൻ ഡ്യൂട്ടി നോക്കുന്നവരേക്കാൾ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ വർദ്ധിപ്പിച്ച് നൽകുന്ന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) യും | കെ.എസ്.ആർ.ടി.സിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളായി പരിഷ്കരിക്കുന്നത് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയത് സർക്കാർ അംഗീകാരത്തോടു കൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി. യിലെ ലൈൻ ഡ്യൂട്ടി നോക്കുന്ന ജീവനക്കാരേക്കാൾ മിനിസ്റ്റീരിയൽ വിഭാഗ ത്തിലെ ജീവനക്കാർക്ക് ശമ്പളസ്കെയിൽ |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സത്വരം സ്വീകരിക്കാൻ നിർദ്ദേശം നല്കുകയും അത് | (ഡി) യും | വർദ്ധിപ്പിച്ച് നൽകുന്ന എന്ന തരത്തിൽ ആക്ഷേപം അംഗീകൃത തൊഴിലാളി |

| | | | |
|---|---|---|---|
| | സാധ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | | സംഘടനകൾ ഒന്നും തന്നെ ഉന്നയിക്കുകയുണ്ടായിട്ടില്ല. |
| (ഇ) | കഴിഞ്ഞ രണ്ട് ശമ്പളക്കരാറുകളുടെ ചർച്ചകളിൽ പങ്കെടുത്ത ഏതെല്ലാം യൂണിയനുകൾ ലൈൻ ഡ്യൂട്ടിക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അധികരിപ്പിച്ച ശമ്പള സ്കെയിൽ ആവശ്യപ്പെട്ടിരുന്നു; എത്ര തവണ വീതം; പേര് വിവരം വെളിപ്പെടുത്തുമോ; ടി ആവശ്യത്തിനെതിരെ നിലപാട് അറിയിച്ച ഏതെങ്കിലും ട്രേഡ് യൂണിയനുകൾ ഉണ്ടോ; എങ്കിൽ വിവരം നൽകുമോ; | (ഇ) | കഴിഞ്ഞ രണ്ട് ശമ്പളക്കരാറുകളുടെ ചർച്ചകളിൽ പങ്കെടുത്ത യൂണിയനുകൾ ഒന്നും തന്നെ ലൈൻ ഡ്യൂട്ടിക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അധികരിച്ച ശമ്പള സ്കെയിൽ ആവശ്യപ്പെട്ടിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**